7. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് പൗൾട്രി ഹസ്ബന്ററി

8. ഡയറിയിംഗ് മിൽക്ക് പ്രോഡക്ട്സ്

9. ഇ.സി.ജി. ആന്റ് ആഡിയോമെട്രിക്സ് ടെക്നീഷ്യൻ

10. ഫിസിക്കൽ എഡ്യൂക്കേഷൻ

11. ക്ളോത്തിംഗ് ആന്റ് എംബ്രോയിഡറി

12. ഓഫീസ് സെക്രട്ടറിഷിപ്പ്

(ഡി) ഇക്കാര്യത്തിൽ കത്തിടപാട് നടന്നുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) ഈ ആവശ്യത്തിലേയ്ക്കായുള്ള കത്തിടപാടുകൾ വിവിധ വകുപ്പുകളുമായും പി.എസ്.സി. യുമായും നടന്നുവരുന്നു.

വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്കുള്ള ധനസഹായം

59(474) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. യു. എസ്. ശശി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്രഗവൺമെന്റിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ധനസഹായം ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വിതരണംചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 1997-98 നുശേഷം ധനസഹായം ലഭിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പ്രൈവറ്റ് സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷന്റെ നിവേദനം

60(475) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള പ്രൈവറ്റ് സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ സർക്കാർ ഇതു സംബന്ധിച്ച് നൽകിയ ഉറപ്പ് പാലിക്കാൻ നടപടി കൈകൊണ്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അസോസിയേഷൻ ഭാരവാഹികളുമായി പ്രശ്നങ്ങൾ ചർച്ചചെയ്യാൻ ഗവൺമെന്റ് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്, നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

(സി) 17-9-1999-ൽ ചർച്ച നടത്തിയിട്ടുള്ളതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സ്ഥലംമാറ്റ മാനദണ്ഡം

61(479) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ട്രാൻസ്ഫർ നോംസ് അനുസരിച്ച് റിട്ടയർ ചെയ്യുവാൻ എത്ര വർഷം ബാക്കിയുള്ളവർക്കാണ് ഹോം സ്റ്റേഷനിലേയ്ക്ക് മാറ്റം കിട്ടുവാൻ അർഹതയുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സർവ്വകലാശാല സിൻഡിക്കേറ്റിൽ മെമ്പറായിട്ടുള്ളവരെ ട്രാൻസ്ഫർ ചെയ്യരുതെന്ന് നിബന്ധനയുണ്ടോ ;

(സി) 1991 നു ശേഷം കേരള സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് മെമ്പർ ആയിരുന്ന എത്രപേരെ സർവ്വകലാശാലയുടെ പരിധിവിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് ; അവർ ആരെല്ലാം ;

(ഡി) നിലവിലുള്ള ട്രാൻസ്ഫർ നോം അനുസരിച്ച് ആരെയെങ്കിലും ട്രാൻസ്ഫർ ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെയെല്ലാം ;

(ഇ) തലശ്ശേരി ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷനിലെ ഇപ്പോഴത്തെ പ്രിൻസിപ്പലിന് റിട്ടയർ ചെയ്യുവാൻ ഇനി എത്ര കാലം ബാക്കിയുണ്ട് ;

(എഫ്) അദ്ദേഹം തിരുവനന്തപുരത്തേക്ക് ട്രാൻസ്ഫർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ജി) ട്രാൻസ്ഫർ നോംസ് അനുസരിച്ച് അദ്ദേഹത്തിന് തിരുവനന്തപുരത്തേക്ക് ട്രാൻസ്ഫർ ലഭിക്കുവാൻ അർഹതയുണ്ടോ ; ഉണ്ടെങ്കിൽ മാറ്റംനൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly